LIBRARY ARCHIVES Kerala Legislative Assembly

പട്ടിണി മരണം

120 [277] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടിണിയും അതുമൂലം ഉണ്ടായ രോഗങ്ങളുംകാരണം സംസ്ഥാനത്ത് എത്ര ആദിവാസികൾ മരണപ്പെടുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെട്ട ആദിവാസികൾ എത്ര; തൊഴിൽ ഇല്ലാത്ത മൊത്തം ആദിവാസികൾ എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടിണിയും അതുമൂലമുണ്ടായ രോഗങ്ങളുംകാരണം സംസ്ഥാനത്ത് ആദിവാസികൾ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിൽ നഷ്ടപ്പെട്ട ആദിവാസികളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആദിവാസിയായ ശ്രീ. ജോഗിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി

121 [278] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഫെബ്രുവരിയിൽ മുത്തങ്ങയിൽ നടന്ന പോലീസ് വെടിവെപ്പിൽ കൊലചെയ്യപ്പെട്ട ആദിവാസിയായ ശ്രീ. ജോഗിയുടെ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ജോഗിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) മുത്തങ്ങാ വെടിവെപ്പിലും പോലീസ് അതിക്രമത്തിലുമായി പരിക്കു പറ്റിയ ആദിവാസി സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെയുള്ളവർക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുത്തങ്ങ വെടിവെപ്പിൽ മരണമടഞ്ഞ ജോഗിയുടെ കുടുംബത്തിന് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഉണ്ട്, പരിശോധിച്ചുവരുന്നു.

(സി) സുൽത്താൻബത്തേരി താലൂക്കിൽ എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം 10000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 കിലോ അരിവീതം 100 ടൺ അരിയും പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരം 8500 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 45.05 ടൺ അരിയും 89 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആവശ്യമായ വസ്ത്രങ്ങളും 73 കുടുംബങ്ങൾക്ക് ആവശ്യമായ പാത്രങ്ങളും വിതരണം നടത്തിയിട്ടുണ്ട്. മാനന്തവാടി താലൂക്കിലെ 1185 കുടുംബങ്ങൾക്ക് 10 കിലോ അരിവീതം 11850 കിലോഗ്രാം അരിയും 631 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആവശ്യമായ പാത്രങ്ങളും വസ്ത്രങ്ങളും വിതരണം നടത്തിയിട്ടുണ്ട്.

"അംബേദ്കർ ഭവൻ" പ്രവർത്തനങ്ങൾ

122 [279] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന "അംബേദ്കർ ഭവൻ" പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) അംബേദ്കർ ഭവന്റെ പ്രവർത്തന പരിധി, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കുമോ;

(സി) ഈ സംവിധാനം എന്ന് മുതൽ പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

(ഡി) ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിനായി ഏതെങ്കിലും സർവ്വകലാശാലകൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ;

(ഇ) അംബേദ്കർ പ്രതിമാ നിർമ്മാണത്തിന് വിദഗ്ദ്ധ ശില്പിയെ നിശ്ചയിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അംബേദ്കർ ഭവൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരുവനന്തപുരത്തെ മണ്ണന്തലയിലെ സ്ഥലം പി.ഡബ്ല്യു.ഡി. ചീഫ് എൻജിനീയർ (ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ്) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമൊത്ത് പട്ടികജാതി വികസന ഡയറക്ടർ സന്ദർശിക്കുകയും ഉള്ളൂർ വില്ലേജാഫീസിൽ നിന്നും സ്ഥലത്തെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് കോണ്ടൂർ സർവ്വേയും മറ്റും നടത്തുന്നതിലേക്കായി കൈമാറ്റം ചെയ്യുന്നതിന് റിക്കാർഡുകൾ തയ്യാറാക്കിയ സ്ഥലത്തിന്റെ അതിര് ഡിമാർക്ക് ചെയ്യുന്നതിന് നടപടികൾ തുടരുന്നു. അംബേദ്കർ ഭവനത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കു

LIBRARY ARCHIVES Kerala Legislative Assembly